LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി മണ്ഡലത്തിൽ കർമ്മ റോഡിന്റെ രണ്ടാം ഘട്ട പ്രവർത്തി

300(3225) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന കർമ്മ റോഡിന്റെ രണ്ടാംഘട്ട പ്രവർത്തിക്ക് ഫണ്ട് അനുവദിക്കാത്തതുമൂലം പ്രവർത്തി നിലച്ചു പോകുന്ന അവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ രണ്ടാം റീച്ചിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവർത്തി നിലച്ചു പോകുന്ന അവസ്ഥ ഉണ്ടായിട്ടില്ല.

(ബി) ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് മാത്രമേ ടി ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ നേതൃത്വത്തിലെ പ്രവൃത്തികൾ

301(3226) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ നേതൃത്വത്തിൽ 2014-15 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികളും തുകയും വ്യക്തമാക്കുമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ കെ. എസ്. ടി പി. യുടെ പ്രവർത്തിയിൽ ഉൾപ്പെടുത്തി ശ്രീരംഗം വളവിൽ സെന്റർ വെർജ് മീഡിയൻ നിർമ്മിക്കുന്നതിനായി 2,41,473 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ചേർത്തല മനോരമ കവല വികസനം

302(3227) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മനോരമ കവല വികസനത്തിനുവേണ്ടി സർക്കാർ തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ ; മനോരമ കവല വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നും ഇതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ ;